# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6539

09.07.2014 ൽ മറുപടിയ്ക്ക്

## വായ്പാ കുടിശ്ശികയ്ക്ക് മൊറട്ടോറിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ ഏതെല്ലാം തരത്തിലുള്ള വായ്പകളുടെ തിരിച്ചടവിനാണ് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) വായ്പകളുടെ തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിന്മേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് മാത്രമാണ് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളത്. ടി മൊറട്ടോറിയത്തിന്റെ കാലാവധി 15.02.2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2007 വരെ മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് നേടിയിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31.12.2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) എത്ര കാലാവധിക്ക് മുമ്പുള്ള കുടിശ്ശിക നിലനിൽക്കുകയാണെങ്കിലാണ് പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് ഭരണ സമിതിയിലെ അംഗത്വം നഷ്ടപ്പെടുന്നത്; | (ബി) 1969 ലെ കേരള സഹകരണ നിയമം ചട്ടം 46(ഇ) പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കമ്മിറ്റിയിലുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രതിനിധികൾക്ക് ആറ് |

മാസത്തിൽ കവിഞ്ഞ് കടിശ്ശിക ആയിട്ടുണ്ടെങ്കിൽ ഭരണസമിതി അംഗമല്ലാതായിത്തീരുന്നതാണ്.

| | | | |
|---|---|---|---|
| (സി) | കടങ്ങൾക്ക് മാത്രമാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതെങ്കിൽ കാർഷിക വായ്പ കുറഞ്ഞ ശതമാനം മാത്രമുള്ള ബാങ്കുകൾക്ക് എന്ത് അടിസ്ഥാനത്തിലാണ് എക്സ്റ്റംഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കാർഷിക വായ്പകളിന്മേൽ ഉള്ള റിക്കവറി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതിനാലും, പട്ടികജാതി പട്ടിക വർഗ്ഗ പരിവർത്തിത ക്രൈസ്തവരുടെയും, മത്സ്യത്തൊഴിലാളികളുടെയും കടങ്ങൾക്ക് സർക്കാർ കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതിനാലും, കേരള കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസ അപേക്ഷകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നതിനാലും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും നൽകിയിട്ടുള്ള വായ്പകൾ വായ്പക്കാർ കൃത്യമായി തിരിച്ചടയ്ക്കാത്തതിനാൽ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ഇക്കാരണത്താൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മാനേജിംഗ് കമ്മിറ്റിയിലുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രതിനിധികൾക്ക് ഭരണ സമിതി അംഗത്വം നഷ്ടമാകുവാൻ സാധ്യതയുണ്ട്. ആയത് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനത്തിൽ പ്രതിസന്ധി സൃഷ്ടിക്കും. ടി സാഹചര്യം ഒഴിവാക്കുന്നതിനാണ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് കേരള സഹകരണ നിയമം ചട്ടം 46(ഇ) യിൽ സർക്കാർ ഇളവ് അനുവാദം നൽകിയത്. |

സെക്ഷൻ ഓഫീസർ